മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഫണ്ട് ലഭ്യമാക്കിക്കൊണ്ട് ഒരു തൊഴിലാളി കുടുംബത്തിന് ആഴ്ചയിൽ 10 കിലോ അരി വീതം സൗജന്യ റേഷൻ നൽകി വരുന്നു. 'ജോലിക്ക് ഭക്ഷണം' പദ്ധതിയിൽപ്പെടുത്തിയും അരി വിതരണം ചെയ്യുന്നുണ്ട്. ഇതിനു പുറമെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ സൗജന്യ റേഷൻ ലഭിക്കുന്ന 9839 തൊഴിലാളികൾക്ക് കഴിഞ്ഞ ഓണക്കാലത്ത് 500 രൂപ വീതം 49,19,500 രൂപ എക്സ്ഗ്രേഷ്യാ അലവൻസായി വിതരണം ചെയ്തിട്ടുണ്ട്. അടഞ്ഞു കിടക്കുന്ന പീരുമേട്ടിലെ തോട്ടങ്ങളിലെ ആശുപത്രികളിൽ മരുന്നും ചികിത്സാ സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുകയുണ്ടായി. ആധുനിക ചികിത്സാ സജ്ജീകരണങ്ങളുള്ള ഒരു മൊബൈൽ മെഡിക്കൽ വാൻ പ്രവർത്തിച്ചുവരുന്നു.

തോട്ടം തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് 2003-04 സാമ്പത്തിക വർഷം പ്രത്യേക ആനുകൂല്യമായി യൂണിഫോം അലവൻസ്, ഹോസ്റ്റൽ ഫീസ്, ഉന്നതവിദ്യാഭ്യാസ ഗ്രാന്റ് എന്നീ ഇനങ്ങൾക്കായി 1,73,409 രൂപ ലേബർ വെൽഫയർ ഫണ്ട് ബോർഡ് മുഖേന വിതരണം ചെയ്തിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ 10-ാം ക്ലാസ് വരെ പഠിക്കുന്ന കുട്ടികൾക്ക് ഈ മേഖലയിലെ സ്കൂളുകളിൽ നിന്നും ഉച്ചക്കഞ്ഞി വിതരണം നടത്തി വരുന്നു. കൂടാതെ ലേബർ വെൽഫയർ ഫണ്ടിൽ നിന്നും നിയമാനുസൃതമായി ഗുരുതര ചികിത്സയ്ക്കുള്ള സഹായവും മരണാനന്തര സഹായവും നൽകിയിട്ടുണ്ട്. ഈ ആനുകൂല്യങ്ങൾ ഈ സാമ്പത്തിക വർഷം അവസാനിക്കുംമുമ്പ് ബോർഡിൽ നിന്നും ഇനിയും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. തോട്ടം മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി ഇടുക്കി ജില്ലാ കളക്ടർ ചെയർമാനായി പ്ലാന്റേഷൻ വർക്കേഴ്സ് റിലീഫ് ഫണ്ട് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(സി) ഈ നടപടികൾ എല്ലാം ഫലപ്രദമായി തന്നെ തുടർന്നുവരികയാണ്. അവലോകന യോഗങ്ങളും നടത്താറുണ്ട്.

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിൽ എംപ്ലോയ്മെന്റ് വകുപ്പിന്റെ പ്രാതിനിധ്യം

125 [488] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിൽ ലേബർ വകുപ്പിനും എംപ്ലോയ്മെന്റ് വകുപ്പിനും പ്രാതിനിധ്യം നൽകിക്കൊണ്ട് 3-1-1978-ലെ സർക്കാർ ഉത്തരവ് പ്രകാരം സൃഷ്ടിച്ച രണ്ട് ഫെല്ലോ തസ്തികകളിൽ കഴിഞ്ഞ മൂന്നര വർഷമായി എംപ്ലോയ്മെന്റ് വകുപ്പിന് പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം പ്രാതിനിധ്യം ലഭിക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) എംപ്ലോയ്മെന്റ് വകുപ്പിൽ നിന്നുള്ള ഫെല്ലോ തസ്തിക അടിയന്തിര മായി നികത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) ബോർഡ് പുനഃസംഘടിപ്പിച്ച് പ്രവർത്തനം ഊർജ്ജിതമാ ക്കുന്നതോടെ ഉചിതമായ തീരുമാനം എടുക്കുന്നതാണ്.

വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ

126 [493] ശ്രീ. കെ. പി. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡപകടങ്ങൾ വർദ്ധിച്ചു വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ വർഷവും സംസ്ഥാനത്തുണ്ടായ റോഡപകടങ്ങൾ എത്രയാണ്;

(സി) ഈ അപകടങ്ങളിൽ മരണപ്പെടുന്നവർ എത്രയാണെന്ന് കണക്കാക്കിയി ട്ടുണ്ടോ; ഇതിന്റെ ജില്ല തിരിച്ചുള്ള വിവരം നൽകാമോ;

(ഡി) അപകടങ്ങളിൽ ബസ്, ലോറി, കാർ, മറ്റ് വാഹനങ്ങൾ എന്നിവയുടെ വിവരം ശേഖരിച്ചിട്ടുണ്ടോ;

(ഇ) ഈ അപകടങ്ങളിൽ എത്ര കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഉൾപ്പെടു ന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(എഫ്) കാലപ്പഴക്കമുള്ള വാഹനങ്ങളും അമിത വേഗതയുമാണ് ബസപകട ങ്ങൾക്ക് കാരണം എന്നതു കണക്കിലെടുത്ത് ഇവ നിയന്ത്രിക്കുന്നതിന് നിയമപരമായ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly